ക്കാവുന്ന വിധത്തിലുള്ള പരാതി കിട്ടിയാൽ അതിന്റെ പേരിൽ കർശന നടപടി സ്വീകരിക്കും. പക്ഷേ വന്നിരിക്കുന്നത് നിക്ഷേപം തിരിച്ചുകിട്ടുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ്. അവർ നടത്തുന്നത്. ഒരു നിയമപ്രശ്നമാക്കി മാറ്റുന്നതിനോ കേസ്സാക്കി മാറ്റുന്നതിനോ പൊതുവെ താൽപ്പര്യം ഇതുവരെ കാണിച്ചിട്ടില്ല. ഇങ്ങനെയുള്ളവർ പരാതി തന്നാൽ ആ പരാതിയുടെ അടിസ്ഥാനത്തിൽ നടപടിയെടുക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

(4) ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ ശങ്കരൻ എന്ന ആളിന്റെ ദുരൂഹ മരണം

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ കല്ലടിക്കോട് ചൂരക്കാട് ലക്ഷംവീട് കോളനിയിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 57 വയസ്സുള്ള ശങ്കരനെ 23.5.2005-ന് രാവിലെ 9 മണിക്ക് സത്രംകാവ് പുഴയുടെ തീരത്ത് മരിച്ചുകിടക്കുന്ന നിലയിൽ കാണപ്പെട്ടത് സംബന്ധിച്ച ദുരൂഹത നീക്കി മരണ കാരണം പുറത്തുവരണം എന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റിൽ മരണ കാരണം കെമിക്കൽ എക്സാമിനേഷൻ റിപ്പോർട്ടിനു ശേഷം എന്നാണ് കാണുന്നത്. ശവശരീരം പൂർണ്ണ നഗ്നമായിട്ടാണ് കാണപ്പെട്ടത്. പല സ്ഥലത്തും മുറിവുകളുണ്ടായിരുന്നു. കവിളും മൂക്കും പാടെ തകർന്ന നിലയിലുള്ള ജഡം ഭീതിയുളവാക്കുന്ന അവസ്ഥയിലായിരുന്നു. ഒറ നോട്ടത്തിൽ തന്നെ മരണം സ്വാഭാവികമല്ല എന്ന് ആർക്കും മനസ്സിലാകുന്ന രൂപത്തിലായിരുന്നു. ഭീകരമായ കാഴ്ചയായിരുന്നു. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ സ്വാഭാവികമല്ലാത്ത മരണം എന്ന് പറഞ്ഞിട്ടും പോലീസിന്റെ ഭാഗത്തുനിന്ന് ഇതേവരെ ഒരു അന്വേഷണവും ഉണ്ടായിട്ടില്ല. സംഭവസ്ഥലത്ത് ഒരു അനധികൃത കള്ളുഷാപ്പ് പ്രവർത്തിക്കുന്നുണ്ട്. സംഭവത്തിന്റെ തലേദിവസം ഇയാളെ ഷാപ്പിൽ കണ്ടതാണ്. മരണം ഒരു കൊലപാതകമാണെന്ന് സംശയിക്കുന്നതായി മകൻ ഉണ്ണികൃഷ്ണൻ പോലീസിന് പരാതി നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിക്കും അവർ പരാതി നൽകിയിട്ടുണ്ട്. ശങ്കരന്റെ മരണ കാരണം പുറത്തുകൊണ്ടുവരുന്നതിന് ഊർജ്ജിത അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ശങ്കരൻ ചൂരക്കാട് സത്രംപുഴയുടെ തീരത്തുള്ള പുരയിടത്തിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. ഇതു സംബന്ധിച്ച് ശങ്കരന്റെ ഭാര്യാസഹോദരന്റെ പരാതി പ്രകാരം അസ്വാഭാവിക മരണത്തിന് കേസ് എടുത്ത് അന്വേഷണം നടത്തിവരുന്നു. നിരവധി പേരെ ചോദ്യം ചെയ്തതിൽ നിന്ന് വ്യക്തമായ സൂചനകളൊന്നും പോലീസിന് ലഭിച്ചിട്ടില്ല. രാസപരിശോധനാഫലം ലഭിച്ചെങ്കിൽ മാത്രമേ മരണകാരണം വ്യക്തമാകൂ എന്നാണ് പോസ്റ്റ്മോർട്ടം പരിശോധന നടത്തിയ ഡോക്ടർ പറഞ്ഞിരിക്കുന്നത്. അവിടെ മണ്ണാർക്കാട് പോലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഊർജ്ജിത അന്വേഷണം നടത്തിവരുന്നു. രാസപരിശോധനാ ഫലം കൂടി കിട്ടിയശേഷം ഇതുസംബന്ധിച്ചുള്ള നടപടിക്രമം ആരംഭിക്കുന്നതാണ്.

(5) വർക്കല നിയോജകമണ്ഡലത്തിലെ ഗോമതി എന്ന വൃദ്ധ പീഡനംമൂലം മരിക്കാനിടയായ സംഭവം

ശ്രീ. വർക്കല കഹാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഒറ്റൂർ ഞായലിൽ ഒറ്റയ്ക്ക് താമസിക്കുന്ന 74 വയസ്സുള്ള അമ്മയെ ദേഹമാസകലം

LIBRARY ARCHIVES Kerala Legislative Assembly